പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1203

12.03.2015 ൽ
മറുപടിക്ക്

## മണ്ണെടുക്കൽ നിയമത്തിന്റെ വ്യവസ്ഥകളും ചട്ടങ്ങളും

ചോദ്യം
ശ്രീ.കെ.രാജു :

ഉത്തരം
ശ്രീ . അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മണ്ണെടുക്കൽ നിയമത്തിന്റെ നിലവിലെ വ്യവസ്ഥകളും ചട്ടങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ആയത് വിശദമാക്കുന്ന സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14(1)(2) പ്രകാരം സംസ്ഥാനത്ത് മണ്ണെടുക്കുന്നതിന് പാലിക്കേണ്ട നിയമങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | മണ്ണെടുക്കൽ നിയമവുമായി ബന്ധപ്പെട്ട് 2014 നവംബർ മാസം സർക്കാർ എന്തെങ്കിലും ഭേദഗതി ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നോ; ആയതിൻ പ്രകാരം വില്ലേജ് ഓഫീസർമാർക്ക് നിഷ്കർഷിക്കപ്പെട്ടിട്ടുള്ള ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; ഇത്തരത്തിൽ ഇടിക്കപ്പെടുന്ന മണ്ണ് എവിടെ നിക്ഷേപിക്കപ്പെടണമെന്ന നിർദ്ദേശമുണ്ടോ; ആയത് വ്യക്തമാക്കുന്ന സർക്കാർ ഉത്തരവുകളുടെയും നിർദ്ദേശങ്ങളുടെയും പകർപ്പ് ലഭ്യമാക്കുമോ ? | (ബി) | വ്യക്തിഗത ഗൃഹനിർമ്മാണത്തിനായി (ഫ്ലാറ്റുകൾ ഒഴികെ) സാധാരണ മണ്ണ് ഉപയോഗിക്കുന്നതിനും കൊണ്ടു പോകുന്നതിനും മുൻകൂർ പാരിസ്ഥിതി കാനുമതി ആവശ്യമില്ലായെന്ന് വ്യവസ്ഥ ചെയ്ത് സ.ഉ (കൈ) നമ്പർ 12/14/പരി. തീയതി 15.11.14 ഉത്തരവ് പരിസ്ഥിതി വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). പ്രസ്തുത ഉത്തരവിൽ വില്ലേജ് ഓഫീസർമാർക്ക് പ്രത്യേക ചുമതലകൾ നിഷ്കർഷിച്ചിട്ടില്ല. വ്യക്തിഗത ഗൃഹനിർമ്മാണ ആവശ്യാർത്ഥം ഇത്തരത്തിൽ ഇടിക്കപ്പെടുന്ന മണ്ണ് എവിടെ നിക്ഷേപിക്കപ്പെടണമെന്ന കാര്യവും ഉത്തരവിൽ പ്രതിപാദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്